# പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2520 18.06.2014-ലെ മറുപടിക്ക്**

## ചുമട്ടു തൊഴിലാളി കാർഡുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. റ്റി.എൻ. പ്രതാപൻ**<br>**ശ്രീ. വി.റ്റി. ബൽറാം**<br>**ശ്രീ. വി.ഡി. സതീശൻ**<br>**ശ്രീ. എ.റ്റി. ജോർജ്** | **ശ്രീ. ഷിബു ബേബിജോൺ**<br>**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)** |
| (എ) സംസ്ഥാനത്ത് ചുമട്ട തൊഴിലാളി കാർഡുകൾ അനർഹമായി ആരെങ്കിലും കരസ്ഥമാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഒരു തൊഴിലാളിയും. കൊല്ലം ജില്ലയിൽ 12 തൊഴിലാളികളും അനർഹമായി ചുമട്ട തൊഴിലാളി കാർഡുകൾ കരസ്ഥമാക്കിയതായി കണ്ടെത്തി. |
| (ബി) എങ്കിൽ നിശ്ചിത കാലാവധിക്കുള്ളിൽ വിശദമായ പരിശോധന നടത്തി ഇതിന്മേൽ നടപടി സ്വീകരിക്കുമോ : വിശദമാക്കുമോ : | (ബി) കാർഡ് റദ്ദാക്കാതിരിക്കാൻ കാരണം ബോധിപ്പിക്കാൻ കാർഡ് കൈപ്പറ്റിയവർക്ക് നിയമപ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട് |
| (സി) അനർഹമാണെന്ന് കണ്ടെത്തിയ തിരിച്ചറിയൽ കാർഡുകൾ റദ്ദാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ : വിശദമാക്കുമോ : | (സി) തിരുവനന്തപുരം ജില്ലയിലെ തിരിച്ചറിയൽ കാർഡ് അനർഹമായി കരസ്ഥമാക്കിയ തൊഴിലാളിക്ക് ആയത് റദ്ദ് ചെയ്തുകൊണ്ടുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ 12 തൊഴിലാളികൾക്കും കാർഡ് റദ്ദാക്കാതിരിക്കാൻ കാരണം കാണിക്കൽ നോട്ടീസ് നൽകി. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് : വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) അനർഹമായി കാർഡ് കൈപ്പറ്റിയ വിഷയത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത കാർഡ് റദ്ദ് ചെയ്ത് ഉത്തരവ് നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഈ വിഷയത്തിൽ തൊഴിലുടമകളുടെയും കാർഡ് കൈപ്പറ്റിയവരുടെയും പ്രിലിമിനറി ഹിയറിംഗ് നടത്തി. ആയതിൽ നിന്നും കാർഡ് അനർഹമായി കൈപ്പറ്റിയതാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കാർഡ് റദ്ദാക്കാതിരിക്കാൻ കാരണം ബോധിപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**